**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3898 — 24.08.2017-ൽ മറുപടിയ്ക്ക്

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പഠന സൗകര്യം**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.പി.കെ. ശശി | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പഠന സൗകര്യം ഉറപ്പവരുത്താനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | പട്ടികജാതി വിദ്യാർത്ഥികളുടെ പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്.<br>2. റ്റ്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ്/ഇ-ഗ്രാന്റ്സ്.<br>3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്.<br>4. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്.<br>5. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്(100% CSS).<br>6. 9,10 ക്ലാസുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ്(100% CSS).<br>7. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്.<br>8. വൃത്തിഹീന സാഹചര്യങ്ങളിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്കുള്ള സ്കോളർഷിപ്പ്<br>9. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി.<br>10. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി.<br>11. സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം.<br>12. ലാപ്ടോപ് വാങ്ങൽ ധനസഹായം.<br>13. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം(മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക്).<br>14. മോഡൽ റസിഡൻഷ്യൽ സ്കൂൾ.<br>15. പ്രീമെട്രിക് ഹോസ്റ്റൽ.<br>16. ഐ.റ്റി.ഐകൾ.<br>17. പി.ഇ.റ്റി.സി.<br>18. ക്രെസ്റ്റ്.<br>19. നഴ്സറികൾ.<br>20. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി. |
| (ബി) | ഇവർക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | | |

21. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം.
22. മെഡിക്കൽ കോളേജ് പാലക്കാട്.
23. ബിരുദ/ബിരുദാനന്തര കലാകോഴ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന/പരിശീലന ഉപകരണങ്ങൾ/ഉപാധികൾ വാങ്ങുന്നതിന് ധനസഹായം.

**ഇതിന് പുറമെ <u>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി</u> താഴെപറയുന്ന പ്രത്യേക പദ്ധതികളും നടപ്പാക്കി വരുന്നുണ്ട്.**

1. സ്കൂൾ വിദ്യാർത്ഥികൾക്ക് അകലങ്ങളിലുള്ള സ്കൂളുകളിലേക്ക് പോകുന്നതിന് പ്രത്യേക യാത്രാ സൗകര്യം ഏർപ്പാടാക്കുന്ന 'ഗ്രോത്രസാരഥി' പദ്ധതി.
2. വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് ട്യൂട്ടോറിയൽ പദ്ധതി.
3. യൂണിഫോം വിതരണം.
4. മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ്.
5. സങ്കേതങ്ങൾക്കുള്ളിൽ ഏകാധ്യാപക വിദ്യാലയങ്ങൾ, വികാസ് വാടികൾ, കിന്റർഗാർട്ടനുകൾ, ബാലവാടികൾ.
6. സൈനിക സ്കൂൾ, നവോദയാ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലനം.

**<u>പുതിയ പദ്ധതികൾ</u>**

1. പട്ടികവർഗ്ഗ ഊരുകളിൽ വിദ്യാർത്ഥികൾ കൃത്യമായി ഗൃഹപാഠങ്ങൾ ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുവാനും ആധുനിക പഠനോപാധികൾ ഉറപ്പുവരുത്തുവാനും വേണ്ടി 'സാമൂഹ്യ പഠന മുറികൾ' ഈ വർഷം സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.
2. ഈ വർഷം ആരംഭിച്ച ഒരു പുതിയ സംരംഭമാണ് 'ഗ്രോത്രബന്ധു' പദ്ധതി. ഇതിന്റെ ഭാഗമായി വയനാട് ജില്ലയിലെ പ്രൈമറി ക്ലാസുകളുള്ള എല്ലാ സർക്കാർ-എയ്ഡഡ് സ്കൂളുകളിലും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 241 അധ്യാപകരെ നിയമിച്ചു. കൊഴിഞ്ഞുപോക്ക് തടയുക, ചെറിയ ക്ലാസുകളിൽ ഭാഷാപരമായ പ്രശ്നങ്ങൾ പഠനത്തിന് തടസ്സം നിൽക്കുന്നത് ഒഴിവാക്കുക, മറ്റ് വിദ്യാർത്ഥികളുമായി ഇടപഴകുന്നതിന് സൗകര്യമൊരുക്കുക എന്നിവയാണ് ഗോത്രബന്ധു അധ്യാപകരുടെ പ്രധാനപ്പെട്ട ദൗത്യം.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത മേഖലകളിലെ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലുണ്ടായിരുന്ന ദുരവസ്ഥ ഉൾപ്പെടെയുള്ള പരാതികൾ എന്തെല്ലാം എന്നും ഇത് ഒഴിവാക്കുന്നതിനും വിദ്യാർത്ഥികൾക്ക് സുരക്ഷ ഉറപ്പ് വരുത്താനും എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ? | (സി) | **പട്ടികജാതി വികസന വകുപ്പ്**<br>പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. കുട്ടികളുടെ പഠന സൗകര്യത്തിൽ വാർഡൻ പ്രത്യേക ശ്രദ്ധ ചെലുത്തുന്നു. മറ്റ് വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് പുറമേ പ്രീ-മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് ബാഗ്, ചെരുപ്പ്, കുട, യൂണിഫോം മുതലായവ വാങ്ങുന്നതിന് തുക അനുവദിക്കുന്നു. എണ്ണ, സോപ്പ്, തോർത്ത് മുതലായ അവശ്യസാധനങ്ങൾ വാങ്ങുന്നതിന് അലവൻസ്, പോക്കറ്റ് മണി എന്നിവ അനുവദിച്ചു വരുന്നു. സൗജന്യതാമസവും ഭക്ഷണവും നൽകുന്നു.<br>പോസ്റ്റ്മെട്രിക് ഹോസ്റ്റലിൽ പഠനസഹായത്തിനായി റസിഡൻഷ്യൽ ട്യൂട്ടർമാരുടെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് പുറമേ പോക്കറ്റ് മണിയും അനുവദിച്ചു വരുന്നു. സൗജന്യതാമസവും ഭക്ഷണവും നൽകുന്നു. ഹോസ്റ്റൽ അന്തേവാസികളുടെ സുരക്ഷയ്ക്കായി വാർഡൻ, വാച്ച്മാൻ എന്നിവരുടെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുന്നതിനും നവീകരണ പ്രവൃത്തികൾ ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br>പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള പ്രീമെട്രിക്-പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളിലെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി 50 ഹോസ്റ്റലുകളിൽ സിസിറ്റിവി സ്ഥാപിക്കുന്നതിനായി 276.88 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 40 ഹോസ്റ്റലുകളിൽ സാനിട്ടറി നാപ്കിൻ വെന്റിംഗ് മെഷീനുകൾ, ഇൻസിനറേറ്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനായി 17.53 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ